# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2756** **12.02.2019-ൽ മറുപടിക്ക്**

## തൊഴിലിടങ്ങളിലെ സുരക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.വി.ജോയി<br>ശ്രീ.വി.കെ.സി.മമ്മത് കോയ: | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) ആരോഗ്യകരമായ വ്യവസായ ബന്ധം വളർത്തിയെടുത്ത് മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് വ്യാപാര സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുന്ന പദ്ധതിയുടെ വിശദാംശം നൽകുമോ; തൊഴിലാളി ശ്രേഷ്ഠ അവാർഡ് നൽകാൻ തീരുമാനമായിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ് മെന്റ് ആക്ട്, കേരള ഫാക്ടറീസ് ആക്ട് എന്നിവയ്ക്ക് കീഴിൽ വരുന്ന തൊഴിൽ സ്ഥാപനങ്ങൾക്കും വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതിന് തീരുമാനിക്കുകയും, തൊഴിലുടമകൾ തൊഴിലാളികൾക്ക് നൽകുന്ന സേവന വേതന വ്യവസ്ഥകളുടെയും മറ്റ് പ്രവർത്തന മികവിന്റെയും അടിസ്ഥാനത്തിൽ പ്രോത്സാഹനം നൽകി അംഗീകരിക്കാനും ആയതിന് സർട്ടിഫിക്കറ്റ് ഓഫ് എക്സലൻസ് നൽകുന്നതിനും സർക്കാർ തീരുമാനിച്ചിരുന്നു. ആയതിൻപ്രകാരം 2017 വർഷത്തെ ഗ്രേഡിംഗ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ആകെ 941 അപേക്ഷകൾ ലഭിക്കുകയുണ്ടായി. ആയതിൽ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം ഗ്രേഡിംഗിനായി 446 സ്ഥാപനങ്ങളെ പരിഗണിക്കുകയും ഇതിൽ 271 സ്ഥാപനങ്ങൾ വജ്ര ഗ്രേഡിനും, 119 സ്ഥാപനങ്ങൾ സുവർണ്ണ ഗ്രേഡിനും, 56 സ്ഥാപനങ്ങൾ രജത ഗ്രേഡിനും അർഹമായി. ടി സ്ഥാപനങ്ങൾക്കുള്ള സർട്ടിഫിക്കറ്റുകൾ 15.10.2018-ൽ എറണാകുളത്ത് വച്ച് നടന്ന ചടങ്ങിൽ ബഹു.തൊഴിൽ വകുപ്പ് മന്ത്രി വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കേരളത്തിൽ വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന മികച്ച തൊഴിലാളികളെ കണ്ടെത്തി അംഗീകാരം നൽകുന്നതിനുള്ള തൊഴിൽ ശ്രേഷ്ഠ അവാർഡ് പദ്ധതി നടപ്പിലാക്കുന്ന കാര്യം സജീവ പരിഗണനയിലാണ്. |
| (ബി) | വ്യവസായ ബന്ധസമിതികളുടെ പ്രവർത്തനം ഫലപ്രദമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | തൊഴിലിടങ്ങൾ സ്ത്രീ സൗഹൃദപരവും സുരക്ഷിതവുമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (സി) | 1976-ലെ ഈക്വൽ റെമ്യൂണറേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സ്ത്രീക്കും പുരുഷനും തുല്യവേതനം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. മെച്ചപ്പെട്ട വേതനം ലഭിക്കുന്ന തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം നൽകുക, ലിംഗസമത്വം ഉറപ്പുവരുത്തി സ്ത്രീതൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുക, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പുവരുത്തി മികച്ച തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷ നടപ്പാക്കി സേവന കാലയളവിലും അതിനുശേഷവും സാമ്പത്തിക ഭദ്രതയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുക തുടങ്ങിയ നടപടികളും സ്വീകരിച്ചുവരുന്നു.<br>2018-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്‌മെന്റ് നിയമ ഭേദഗതി പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9 മണിക്കും രാവിലെ 6 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി മതിയായ സുരക്ഷ ഉറപ്പുവരുത്തിക്കൊണ്ട് ജോലിക്ക് നിയോഗിക്കാവുന്നതാണ്. അപ്രകാരം ജോലി ചെയ്യിപ്പിക്കുന്നപക്ഷം 5 പേർ അടങ്ങുന്ന ഗ്രൂപ്പായും അതിൽ 2 പേർ സ്ത്രീകൾ ആയിരിക്കുകയും ചെയ്യേണ്ടതാണ്. ടി ജീവനക്കാർക്ക് അവരുടെ താമസസ്ഥലം വരെയുള്ള യാത്രാ സൗകര്യവും തൊഴിലുടമ ഏർപ്പെടുത്തി നൽകേണ്ടതുണ്ട്. കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്‌മെന്റ് ചട്ടം 6 B പ്രകാരം സ്ഥാപനങ്ങളിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനായി കംപ്ലയിന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്‌മെന്റ് വിഭാഗം പരിശോധിച്ചുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | തൊഴിലിടങ്ങളിലെ സുരക്ഷ ഉറപ്പ വരുത്തുന്നതിനും തൊഴിൽ ജന്യരോഗങ്ങൾ തടയുന്നതിനും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ? | (ഡി) | തൊഴിലിടങ്ങളിൽ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനായി ഫാക്ടറി ഇൻസ്പെക്ടമാർ ഫാക്ടറി നിയമത്തിലെ സുരക്ഷാ ആരോഗ്യ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിച്ചുവരുന്നു. കൂടാതെ തൊഴിലാളികൾക്കും മാനേജ്മെന്റിനും സുരക്ഷിതത്വ ആരോഗ്യ പരിശീലന ക്ലാസ്സുകൾ വകുപ്പിന്റെ നേതൃത്വത്തിൽ പരിശീലന കേന്ദ്രത്തിലും സുരക്ഷാരഥം എന്ന പരിശീലന വാഹനം ഉപയോഗിച്ചും നടത്തി വരുന്നു. തൊഴിലാളികളുടെ സുരക്ഷിതത്വം, ആരോഗ്യം, ക്ഷേമം എന്നിവ സംരക്ഷിച്ചു കൊണ്ട് പ്രവർത്തന മികവ് പ്രകടമാക്കി അപകടങ്ങൾ ഇല്ലാതെ പ്രവർത്തിക്കുന്ന ഫാക്ടറികൾക്ക് വകുപ്പ് സേഫ്റ്റി അവാർഡുകൾ നൽകി വരുന്നു. തൊഴിൽജന്യ രോഗങ്ങൾ തടയുന്നതിനായി വകുപ്പിന്റെ കീഴിലുള്ള കൊല്ലത്തെ ഒക്കുപ്പേഷണൽ ഹെൽത്ത് റിസർച്ച് സെന്ററിലെ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ഫാക്ടറി തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പുകൾ നടത്തി വരുന്നു. 2017–18, 2018–19 എന്നീ വർഷങ്ങളിൽ കയർ, കശുവണ്ടി, മെറ്റൽ ക്രഷർ, സീഫുഡ് പ്രോസസിംഗ്, പാക്കിംഗ് എന്നീ മേഖലകളിൽ തൊഴിൽജന്യ രോഗനിർണ്ണയ സർവെ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷത്തിൽ ടെക്സ്റ്റൈൽ, ഇലക്ട്രോപ്ലേറ്റിംഗ് ഇലക്ട്രോണിക്സ്, വെൽഡിംഗ് എന്നീ മേഖലകളിൽ തൊഴിൽജന്യ രോഗനിർണ്ണയ സർവെ നടത്തുവാൻ ലക്ഷ്യമിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.